കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.അനിത കുമാർ.എൽ-ന്റെ ഹാജരില്ലായ്മക്കാലയളവ് 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.**909/2019/തസ്വഭവ** തിരുവനന്തപുരം, തീയതി, **29/04/2019**

---

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.
2) ശ്രീ.അനിത കുമാർ.എൽ-ന്റെ 12.07.2018 ലെ ശൂന്യവേതനാവധിയപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 06.10.2018, 10.01.2019 എന്നീ തീയതികളിലെ ഇ 5-21954/18 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.അനിത കുമാർ.എൽ-ന്റെ 16.06.2003 മുതൽ 20.12.2004 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അനിത കുമാർ.എൽ, 09.03.1998 ന് സേവനത്തിൽ പ്രവേശിച്ചു. ടിയാൾ 14.06.2003 മുതൽ 20.12.2004 വരെ അനധികൃത ഹാജരില്ലായ്മയിലായിരുന്നു. അനധികൃത ഹാജരില്ലായ്മക്ക് ടിയാനെതിരെ ഒരു വാർഷിക വർദ്ധനവ് സഞ്ചിത ഫലത്തോടല്ലാതെ തടഞ്ഞ് തീർപ്പാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി അവധിക്കപേക്ഷിച്ച് കൊണ്ട് അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരമുള്ള ശൂന്യവേതനാവധിയായി ക്രമപ്പെടുത്താൻ വ്യവസ്ഥയില്ല. കെ.എസ്.ആർ ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരം, മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായുള്ള ശൂന്യവേതനാവധി മുൻകാലപ്രാബല്യത്തിൽ അനുവദിക്കുന്നതിനും വ്യവസ്ഥയില്ല. ആയതിനാൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.എൽ.അനിതകുമാർ മെച്ചപ്പെട്ട ജോലി

സ്വീകരിക്കുന്നതിനായി അവധിക്കപേക്ഷിച്ച് കൊണ്ട് ; അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 16.06.2003 മുതൽ 20.12.2004 വരെയുള്ള കാലയളവ്, 16.06.2003 ന് മുൻപ് പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ മുൻകാലസർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, വാമനപുരം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ.അനിതകുമാർ.എൽ, അസിസ്റ്റന്റ് സെക്രട്ടറി, വാമനപുരം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധന വകുപ്പ്(26.02.2019 ലെ റൂൾസ് ബി 4/44/2019/ധന നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(272/ഇപിഎ 1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danija MS

സെക്ഷൻ ഓഫീസർ